Reg. No. : ....................................

Name : .........................................

**FY-362**

**FIRST YEAR HIGHER SECONDARY MODEL EXAMINATION – 2021**

Part – II

Time : $2\frac{1}{2}$ Hours

**മലയാളം**

Cool-off time : 20 Minutes

**(MALAYALAM)**

Maximum : 80 Scores

**(Hearing Impaired)**

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 20 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **(10 × 1 = 10)**

1. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ സന്ദർശനം എന്ന കവിത ഏത് കവിതാ സമാഹാരത്തിൽ നിന്നെടുത്തതാണ് ?

   (ഗസൽ, പതിനെട്ട് കവിതകൾ, അമാവാസി, മാനസാന്തരം)

2. കെ.ആർ. മീരയുടെ ഓർമ്മയുടെ ഞരമ്പ് എന്ന കഥയിൽ പരാമർശിക്കുന്ന മഹാകവിയാര് ?

(കുമാരനാശാൻ, വള്ളത്തോൾ, എഴുത്തച്ഛൻ, ഉള്ളൂർ)

3. "ആകാശത്തിന്റെ മടിയിൽ നിന്ന് ഞെട്ടറ്റ് താഴെ വീണ സൂര്യന്റെ ഒരു കുട്ടിയെപ്പോലെ തോന്നിച്ചു." ആരെക്കുറിച്ചാണീ പറയുന്നത് ?

(ദേവീബഹൻ, അഭിമന്യു, തങ്കം നായർ, ക്ലോക്ക് ടവറിൽ കയറിയ ബാലൻ)

4. ഭൂമിക്ക് എങ്ങനെയാണ് ആകാശത്തെ തൊടാനാകുന്നത് ?

(ശിഖരങ്ങളിലൂടെ, വേരുകളിലൂടെ ഇലകളിലൂടെ, ഫലങ്ങളിലൂടെ)

5. പ്രണയം അടിസ്ഥാന ഭാവമായിട്ടുള്ള കവിതയേത് ?

(മത്സ്യം, സന്ദർശനം, മാമ്പഴം, കുറത്തി)

6. "വലക്കണ്ണികൾക്ക് അവനോളം ചെറുതാകാനായില്ല" ആരെ പറ്റിയാണ് ഇവിടെ പരാമർശിക്കുന്നത് ?

(പൊൻ ചെമ്പകം, തിരുവാതിര, മത്സ്യം, മരങ്ങൾ)

7. വേരുകളിൽ ഒളിഞ്ഞിരിക്കുന്ന ഔഷധ മൂല്യം അറിയുന്ന അടച്ചിൽതൊട്ടി മുതുവ കുടിയിലെ കാണിക്കാരൻ മൂപ്പനാര് ?

(ചെമ്പൻ, കുമാരൻ, അരുണാചലം, മുത്തയ്യ)

8. വാക്കുകളുടെ നൃത്തമായി കവിതയെ വിശേഷിപ്പിക്കുന്നതാര് ?

(എം.എൻ, വിജയൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, ഉള്ളൂർ, സച്ചിദാനന്ദൻ)

9. 'ഊഞ്ഞാലിൽ' എന്ന് കവിത ഏത് കവിതാ സമാഹാരത്തിൽ നിന്നെടുത്തതാണ് ?

(അമാവാസി, പീലിക്കണ്ണുകൾ, ശ്രീരേഖ, അനുകമ്പ)

10. "ഇനിയും സൗകര്യം പോലെ വായിക്കാവുന്ന ഒരു ലഘുഗ്രന്ഥമാണല്ലോ ഞാൻ." ഇങ്ങനെ പറഞ്ഞ കഥാകാരനാര് ?

(തകഴി, വൈക്കം മുഹമ്മദ് ബഷീർ, പത്മരാജൻ, എം.ടി. വാസുദേവൻ നായർ)

താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് കണ്ടെത്തി എഴുതുക.

(ഏതെങ്കിലും **3** എണ്ണം) **(3 × 1 = 3)**

11. ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ വൃദ്ധ പഴയ തലമുറയെ സൂചിപ്പിക്കുന്നു.

12. ആകാശത്തോളം ഉയർന്ന മരങ്ങളെ പിടിച്ച് നിർത്തുന്നത് മനോഹരമായ ഇലകളാണ്.

13. അർത്ഥമുള്ളത് കവിതയല്ല അർത്ഥത്തിനപ്പുറമുള്ളതാണ് കവിത.

14. അഗ്നിസാക്ഷി എന്ന നോവൽ എഴുതിയത് മീരയാണ്.

15. ചില പാഠഭാഗവുമായി ബന്ധപ്പെട്ട ഏതാനും സൂചനകൾ ചുവടെ ചേർക്കുന്നു. അവ ഏത് പാഠ ഭാഗത്തിലേതാണെന്ന് കണ്ടെത്തി എഴുതുക. **(5 × 2 = 10)**

(കടൽത്തിര, ഇലയടരുകൾ, ചൂണ്ടകൊളുത്തുകൾ, പൊൻചെമ്പകം, സ്വരക്കസർത്ത്, ഔഷധമൂല്യം, തിരുവാതിര രാവ്, ചിദംബര സന്ധ്യകൾ, താംബൂല പ്രിയ, പദക്കസർത്ത്)

(a) മത്സ്യം

- 
- 

(b) വേരുകൾ നഷ്ടപ്പെടുത്തുന്നവർ

- 
- 

(c) ഊഞ്ഞാൽ

- 
- 

(d) സന്ദർശനം

- 
- 

(e) കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ

- 
- 

16. ചേരും പടി ചേർത്തെഴുതുക. **(4 × 1 = 4)**

| എ | ബി |
|---|---|
| ഊഞ്ഞാലിൽ | ബാലചന്ദ്രൻചുള്ളിക്കാട് |
| അനർഘനിമിഷം | വൈലോപ്പിള്ളി ശ്രീധര മേനോൻ |
| ഓർമ്മയുടെ ഞരമ്പ് | വൈക്കം മുഹമ്മദ് ബഷീർ |
| സന്ദർശനം | കെ.ആർ. മീര |

**അല്ലെങ്കിൽ**

| എ | ബി |
|---|---|
| ലാത്തിയും വെടിയുണ്ടയും | രാഷ്ട്രതന്ത്രം |
| ഊഞ്ഞാൽ | അമാവാസി |
| മത്സ്യം | അഗ്നിസാക്ഷി |
| സന്ദർശനം | ശ്രീരേഖ |

17. ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ഏത് കഥാപാത്രത്തിന്റേതാണെന്ന് കണ്ടെത്തി പട്ടിക ക്രമീകരിക്കുക. **(2 × 2 = 4)**

| കഥാപാത്രങ്ങൾ | പ്രസ്താവനകൾ |
|---|---|
| വൃദ്ധ | ഒരു നന്മയെങ്കിലും കാണുന്നവൻ നല്ല കവി, ഒരു പാട് കണ്ടെത്തുന്നവൻ മഹാ കവി. |
| ഐ.എ. റിച്ചാർഡ്സ് | ഞരമ്പ് തെറ്റരുത് ; തെറ്റിയാൽ ഓർമ്മ പോകും. |

**അല്ലെങ്കിൽ**

| കഥാപാത്രങ്ങൾ | പ്രസ്താവനകൾ |
|---|---|
| മിസ്സിസ് നായർ | എന്റെ ചിരിക്കകത്തുള്ള ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല |
| വൈക്കം മുഹമ്മദ് ബഷീർ | എത്ര ദുർബലയാണ് താൻ, എത്ര ഹീനയാണ്. |

18. നൽകിയിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(5 × 1 = 5)**

പാറയെ പിളർക്കാൻ തക്ക വീര്യമുള്ള വേരുകൾ ചിന്നാറിലെ മുൾക്കാടുകളിൽ കാണും. ഔഷധ സത്ത് അടങ്ങിയ കിഴങ്ങുകൾ തേടി അവിടെ തമിഴ് നാട്ടിൽ നിന്നുള്ള വൈദ്യന്മാർ വന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. ചിന്നാർ കാടുകളും മുതുമലക്കാടുകളും ഒരേ പോലെയാണ്. കാട്ടിലെപ്പോഴും ചുറ്റിക്കറങ്ങുന്ന 'ഉടുമ്പ് മാരിക്ക് വേരുകളുടെ മഹിമ തിരിച്ചറിയാം. അയാളോടൊപ്പമുള്ള അലച്ചിലുകളിൽ എല്ലായേപ്പാഴും ഏതൊക്കെയോ വേരുകൾ ചവച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ട്. മാരിയുടെ വയസ്സിനെ കുറിച്ച് ആർക്കും വലിയ തിട്ടമില്ല. കണ്ടാലും പ്രായം തീരെ തോന്നില്ല. പതിനഞ്ച് വർഷം മുമ്പ് ഞാൻ മാരിയെ കാണുമ്പോഴും അമ്പത് വയസ്സ്. ഇന്നും അമ്പത് വയസ്സ്.

(1) പാറയെ പിളർക്കാൻ തക്ക വീര്യമുള്ള വേരുകൾ കാണപ്പെടുന്നതെവിടെ ?

(2) തമിഴ് നാട്ടിലെ വൈദ്യന്മാർ മുൾക്കാടുകളിൽ വന്നിരുന്നതെന്തിന് ?

(3) ഏതൊക്കെ കാടുകളാണ് ഒരേ പോലെ കാണപ്പെടുന്നത് ?

(4) കാട്ടിലെപ്പോഴും ചുറ്റിക്കറങ്ങുന്നതാര് ?

(5) പതിനഞ്ച് വർഷം മുമ്പ് ലേഖകൻ മാരിയെ കാണുമ്പോൾ അയാൾക്ക് എത്ര വയസ്സായിരുന്നു ?

(6) ഇന്ന് അയാൾക്ക് എത്ര വയസ്സുണ്ട് ?

19. താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ ഉചിതമായവ തെരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക. **(2 × 2 = 4)**

(ഓർമ്മയുടെ സമ്പന്നത, ഈർഷ്യയും ആകാംക്ഷയും, പഴയ തലമുറ, പുതിയ തലമുറ)

| വൃദ്ധ | പെൺകുട്ടി |
|---|---|
| • | • |
| • | • |

**അല്ലെങ്കിൽ**

| ഊഞ്ഞാലിൽ | ലാത്തിയും വെടിയുണ്ടയും |
|---|---|
| • | • |
| • | • |

(നൂറ് വെറ്റില, ഭാരതമാതാ കീ ജയ്, പൂങ്കിളി കൗമാരം വാനര സേന)

DITTO WS

**20 മുതൽ 26 വരെയുള്ള ചോദ്യങ്ങൾക്ക് 3-4 വാക്യങ്ങളിൽ ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **(3 × 4 = 12)**

20. "സ്മരണ തൻ ദൂര സാഗരം തേടിയെൻ
ഹൃദയ രേഖകൾ നീളുന്നു പിന്നെയും" കവിയുടെ ഹൃദയത്തിൽ ഉയരുന്ന സ്മരണകൾ എന്തൊക്കെയാണ് ? (സന്ദർശനം)

21. 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥാ ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക ?

22. ജലാശയങ്ങളും വേരുകളും തമ്മിൽ കൈമാറുന്ന സന്ദേശങ്ങളെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണം വേരുകൾ നഷ്ടപ്പെടുത്തുന്നവർ എന്ന പാഠ ഭാഗത്ത് ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ ?

23. മനുഷ്യസ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഘടകങ്ങളെക്കുറിച്ചുള്ള ഏതെല്ലാം സൂചനകളാണ് മത്സ്യം എന്ന കവിതയിൽ കാണാനാവുന്നത് ?

24. "ഏറിയ ദുഃഖത്തിലും ജീവിതോല്ലാസത്തിന്റെ
വേരുറപ്പിവിടെപ്പോൽ കാണുമോ വേറെങ്ങാനും" ഈ വരികളിലെ ജീവിത ദർശനം കണ്ടെത്തുക ?

25. "അവരെ പ്രസവിച്ച അമ്മ ധന്യയാണ്. അവരെപെറ്റ രാജ്യം അഭിമാന്യവും." സന്ദർഭം വിശദമാക്കുക ?

26. 'എന്നെപ്പറ്റി നിനക്കെല്ലാം അറിയാം. ഇനിയും സൗകര്യം പോലെ വായിക്കാവുന്ന ഒരു ലഘുഗ്രന്ഥമാണല്ലോ ഞാൻ.' ഈ പ്രസ്താവനയുടെ പൊരുൾ കണ്ടെത്തുക ?

**27 മുതൽ 32 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (ഏതെങ്കിലും രണ്ടെണ്ണം)** **(2 × 6 = 12)**

27. പ്രണയത്തിന്റെ ഭൂത വർത്തമാന കാലങ്ങളുടെ നിറഭേദങ്ങൾ 'സന്ദർശനം' എന്ന കവിതയിൽ ബാലചന്ദ്രൻ ചുള്ളിക്കാട് അവതരിപ്പിച്ചിരിക്കുന്നതെങ്ങനെയെന്ന് വ്യകതമാക്കുക ?

28. 'ഓർമ്മയുടെ വേരുകൾ' എന്ന കഥയിലെ നിങ്ങൾക്കിഷ്ടമായ ഒരു കഥാപാത്രത്തെ പറ്റി ലഘുക്കുറിപ്പ് തയ്യാറാക്കുക ?

29. ആകാശത്തോളമുയരണമെങ്കിൽ ബലിഷ്ഠമായ വേരുകൾ വേണം. ഈ അഭിപ്രായത്തിന്റെ ഔചിത്യം വ്യക്തമാക്കുക ?

30. ലാത്തിയും വെടിയുണ്ടയും എന്ന പാഠഭാഗത്ത് ഒരേ കാലഘട്ടത്തിന്റെ രണ്ട് മുഖങ്ങൾ ചിത്രീകരിക്കപ്പെടുന്നുണ്ട്. ഇവരിൽ ആരാണ് പുതുതലമുറക്ക് സ്വീകാര്യമായത്. കാരണം വ്യകമാക്കുക ?

31. 'എന്റെ ചിരിക്കകത്തുള്ള ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല' – മനുഷ്യ ജീവിതത്തെ കുറിച്ചുള്ള ചില ദർശനങ്ങൾ അവതരിപ്പിക്കുന്നുണ്ടിവിടെ – പരിശോധിച്ച് കണ്ടെത്തുക ? (അനർഘ നിമിഷം)

32. കാലം പോകെ കൂടുതൽ ദൃഢവും ആഹ്ലാദ പ്രദവുമായിത്തീരുന്ന ദാമ്പത്യ ബന്ധത്തിന്റെ ഹൃദ്യമായ ആവിഷ്ക്കാരമാണ് 'ഊഞ്ഞാൽ' പ്രതികരണക്കുറിപ്പ് തയ്യാറാക്കുക ?

**33 മുതൽ 37 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (ഏതെങ്കിലും രണ്ടെണ്ണം)** **$(2 \times 8 = 16)$**

33. പ്രണയതീരത്ത് സാന്ത്വനം കൊള്ളാൻ കൊതിക്കുമ്പോഴും അതിനാവാതെ പിടയുന്ന ഒരു വിഹ്വല മനസ്സിന്റെ യാത്രാ രേഖയാണ് 'സന്ദർശനം' എന്ന കവിത-ആസ്വാദനം തയ്യാറാക്കുക ?

34. പുതിയ പുതിയ പാതകളും പദ്ധതികളുമായി വരുന്നവർക്ക് മണ്ണിനെക്കുറിച്ചും വേരുകളെക്കുറിച്ചും എന്തറിയാം ! പാരമ്പര്യത്തിന്റെ ഊർജ്ജം വേരുകളിലുടെ വലിച്ചെടുത്താണ് മനുഷ്യരാശി പുരോഗമിക്കേണ്ടത്, എന്ന കാട്ടറിവുകളുടെ വെളിച്ചത്തിൽ ലേഖകൻ സമർത്ഥിക്കുന്നതെങ്ങനെയെന്ന് വ്യകതമാക്കുക (വേരുകൾ നഷ്ടപെടുത്തുന്നവർ)

- മണ്ണിനെ പിടിച്ച് നിർത്തുന്ന വേരുകൾ.
- വേരുകളിലൂടെ ആകാശത്തെത്തുന്ന വൃക്ഷങ്ങൾ.

DITTO WS

35. ഗ്രാമീണ ജീവിതത്തിന്റെ നന്മകൾ ഹൃദയത്തിൽ സൂക്ഷിക്കുന്ന കവിയാണ് വൈലോപ്പിള്ളി.

'ഊഞ്ഞാലിൽ' എന്ന കവിതയെ ആസ്പദമാക്കി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക ?

- ദാമ്പത്യ ജീവിതത്തിലെ പൊരുത്തം
- ജീവിതത്തിലെ സുഖ ദുഃഖങ്ങളെ ചെറുപുഞ്ചിരിയോടെ നോക്കി കാണുന്നു.

36. സ്വാതന്ത്ര സമരത്തിന്റെ ആവേശഭരിതമായ ഒരുജ്ജ്വല മുഹൂർത്തം അവതരിപ്പിക്കുന്നതോടൊപ്പം സാമൂഹിക ജീവിതവും വ്യക്തി ജീവിതവും തമ്മിലുള്ള സംഘർഷം അനാവരണം ചെയ്യുന്നു. 'ലാത്തിയും വെടിയുണ്ടയും' സമർഥിക്കുക ?

- വിജയിയായ അഭിമന്യുവിനെ പോലെ നിൽക്കുന്ന ബാലൻ
- ഭാരത മാതാവിനെപ്പോലെ ഉജ്ജ്വലയും ഗംഭീര വദനയുമായ യുവതി.
- സ്വാതന്ത്ര്യം അല്ലെങ്കിൽ മരണം

സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്ന മനോഹരമായ കഥയാണ് കെ. ആർ. മീരയുടെ ഓർമ്മയുടെ ഞരമ്പ്. നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

37. "ഞരമ്പ് തെറ്റരുത്" അവർ കണ്ണുകളടച്ചുകൊണ്ട് ഓർമ്മിപ്പിച്ചു. തെറ്റിയാൽ ഓർമ്മ പോകും. ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ ഈ വൃദ്ധക്ക് സമ്പന്നമായ ഒരു ഭൂതകാലം ഉണ്ട്. പുതുതലമുറയിലെ പ്രതിനിധി എന്ന നലയിൽ കഥയിലെ പെൺകുട്ടിക്കോ ? സൂചനകൾ വികസിപ്പിച്ച് നിങ്ങളുടെ അഭിപ്രായങ്ങൾ വ്യക്തമാക്കുക ?

---